**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **01-09-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ ഗുരുതരമായ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ ഗുരുതരമായ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനായി എച്ച്.എം.സി. ഫണ്ടുപയോഗിച്ച് ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | (എ) | ജനറൽ/ ജില്ലാ/ താലൂക്ക് ആശുപത്രികൾ, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാ രോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പ-റേഷനിൽനിന്നും/കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നപക്ഷം ആശുപത്രി മാനേജ്മന്റ് കമ്മിറ്റി / ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി ഫണ്ടടക്കം ലഭ്യമായ എല്ലാ ഫണ്ടുകളും ഉപയോഗിച്ച് കാരുണ്യ/ ജൻ ഔഷധി /സപ്ലൈകോ/ നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ഡി.എ 1/193/2022-തസ്വഭവ തീയതി 26/03/2022 പ്രകാരം ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ മരുന്ന് ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ഫണ്ട് ഉപയോഗിച്ച് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, കെ.എം.എസ്.സി.എൽ -ൽ നിന്നും അവശ്യ മരുന്നുകൾ ലഭ്യമാവാത്ത സാഹചര്യത്തിലും, കെ.എം.എസ്.സി.എൽ വിതരണം ചെയ്യാത്തതായ മരുന്നുകളും KASP, RSBY, RBSK, JSSK, TRIBAL FUND, HDS FUND തുടങ്ങിയ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ